**അൽപന്മാരായ അനുചരവൃന്ദങ്ങളാൽ**
**പരിസേവിതനായതുകൊണ്ടാവണം**
**അവസാനകാലത്ത് സ്വയം**
**തിരിച്ചറിയാനുള്ള ശേഷി പോലും**
**അഴീക്കോടിന് നഷ്ടപ്പെട്ടുപോയതെന്ന്**


**എസ്. നാരായണൻ**

# പ്രഭാഷണം എന്ന ക്രിയ

**സുകുമാർ** അഴീക്കോടിന്റെ നിര്യാണത്തെത്തുടർന്ന് നടന്ന എണ്ണമറ്റ അനുസ്മരണസമ്മേളനങ്ങളിൽ പങ്കെടുത്തവർക്ക് ഒരു കാര്യം വ്യക്തമായിട്ടുണ്ടാവും. മറ്റെഴുത്തുകാരെ സ്മരിച്ചുകൊണ്ട് അഴീക്കോട് നടത്തിയിട്ടുള്ളതുപോലെ ആഴത്തിലുള്ളതും സർവ്വതലസ്പർശിയായിട്ടുള്ളതുമായ ഒരു പ്രസംഗം അദ്ദേഹത്തെക്കുറിച്ച് നടത്തുവാൻ കഴിവുള്ള ഒരാളും കേരളത്തിൽ ഇല്ല എന്നതാണത്. അഴീക്കോടിനെ അനുസ്മരിച്ചുകൊണ്ടുള്ള ഒരു നല്ല പ്രസംഗം നടക്കണമെങ്കിൽ അദ്ദേഹം തന്നെ എഴുന്നേറ്റു വന്ന് അത് ചെയ്യേണ്ടിവരും എന്നൊരു തമാശ തന്നെ അനുസ്മരണയോഗം നടക്കുന്നിടത്ത് കേൾക്കുകയുണ്ടായി. മനുഷ്യന്റെ പ്രാഥമിക ആശയപ്രകാശനോപാധികളിൽ ഒന്നായ പ്രസംഗം അനാഥമായതു പോലുള്ള തോന്നലാണ് അദ്ദേഹത്തിന്റെ അനുസ്മരണച്ചടങ്ങുകളിൽ പങ്കെടുത്തവർക്ക് ഉണ്ടായിട്ടുണ്ടാവുക.

അഴീക്കോടിന്റെ പ്രഭാഷണങ്ങൾ ശ്രദ്ധിച്ചിട്ടുള്ളവർക്കറിയാം മിക്കവാറും ഒരു പുരാണകഥയെങ്കിലും അതിൽ ഉൾപ്പെട്ടിട്ടുണ്ടായിരിക്കും. ഉപനിഷത്തിൽ നിന്നും വേദങ്ങളിൽ നിന്നുമുള്ള ഉദ്ധരണികൾ വേറെയും കാണും. എന്നിട്ടും അതൊരിക്കലും സാധാരണ നടക്കുന്ന ഭക്തിപ്രഭാഷണങ്ങളുടെ നിലയിലേക്ക് താണുപോകാറില്ല. ഭാരതീയതയെക്കുറിച്ചും അതിന്റെ പൂർവ്വവിഭൂതികളെക്കുറിച്ചും തികഞ്ഞ അഭിമാനത്തോടെയും കേൾവിക്കാരുടെ സിരകളെ ആവേശോജ്ജ്വലമാക്കുന്ന രീതിയിലും അദ്ദേഹം വേദികളിൽ അവതരിപ്പിക്കാറുണ്ട്. എന്നിട്ടും അതൊരിക്കലും ഹൈന്ദവവാദികളുടെ സങ്കുചിതരീതികളിലേക്കോ അവർക്ക് ദുരുപയോഗം ചെയ്യാവുന്ന തലത്തിലേക്കോ പോയിട്ടില്ല. മറിച്ച് ബാബറി മസ്ജിദ് തകർത്ത അവസരത്തിൽ, ഇന്ത്യ ഒരുകാലത്തും ഒരു ഹിന്ദുരാഷ്ട്രമായിരുന്നിട്ടില്ലെന്നും മറ്റുമതങ്ങളെ സ്വീകരിക്കുകയും ആദരിക്കുകയുമാണ് ചെയ്തിട്ടുള്ളതെന്നും സ്ഥാപിച്ചുകൊണ്ട് ഏഴുദിവസം നീണ്ടുനിൽക്കുന്ന പ്രഭാഷണ പരമ്പരതന്നെ നടത്തുകയാണ് അദ്ദേഹം ചെയ്തത്. 'നിങ്ങൾ പോകാൻ പറഞ്ഞാൽ പോകാം, വരാൻ പറഞ്ഞാൽ അതിന് വേറെ ആളെ നോക്കണം എന്ന് സീത രാമന്റെ മുഖത്ത് നോക്കി പറഞ്ഞതിന്റെ കഥയാണ് രാമായണത്തിന്റെ കഥ' എന്ന് രാമായണ മാസത്തിൽ പ്രസംഗിക്കാൻ ഒരു അഴീക്കോട് മാത്രമെയുള്ളൂ.

ഭഗവദ്ഗീതയെ പ്രസംഗവേദികളിൽ ധാരാളം ഉദ്ധരിക്കുമെങ്കിലും അതൊരിക്കലും ഗീതാപ്രഭാഷണമല്ല. ഭഗവദ്ഗീതയെപ്പറ്റി സ്വാമി സന്ദീപാനന്ദഗിരി പതിനഞ്ചു ദിവസം തുടർച്ചയായി തൃശൂരിൽ പ്രഭാഷണം നടത്തിയപ്പോൾ അവസാനദിവസം



വര: മധുസൂധനൻ

അഴീക്കോടിന്റെ പ്രസംഗവും ഉൾപ്പെടുത്തിയിരുന്നു. തലേദിവസം സന്ദീപാനന്ദ തന്റെ ഭക്തജനങ്ങളോട് പറഞ്ഞു: "നാളെ നിങ്ങൾ സുകുമാർ അഴീക്കോടിന്റെ പ്രസംഗം കേൾക്കണം. അത് സവിശേഷമായ ഒന്നാണ്. ഭഗവദ്ഗീതയെപ്പറ്റിയൊന്നുമല്ല, വേറെ പല കാര്യങ്ങളായിരിക്കും അദ്ദേഹം ഒരു പക്ഷേ പറയുക. ഒരു വരിയോ രണ്ടു വരിയോ ഗീതയെപ്പറ്റിയും പറഞ്ഞെന്നിരിക്കും. അത് നമ്മൾ കഴിഞ്ഞ പതിനാലു ദിവസം പറഞ്ഞതിനേക്കാളും വിശേഷപ്പെട്ടതായിരിക്കും. അദ്ദേഹത്തിന്റേത് വേറൊരു രീതിയാണ്. ഏതു വഴിക്കാണ് ഗീതയിലേക്കു പ്രവേശിക്കുക എന്നൊന്നും മുൻകൂട്ടി നമുക്കറിയാൻ കഴിയില്ല. നിങ്ങൾ ഈ അവസരം നഷ്ടപ്പെടുത്തരുത് എന്നേ എനിക്കു പറയാനുള്ളൂ."

രണ്ടു പുസ്തകമെങ്കിലും തികച്ചും വായിച്ചിട്ടുള്ളവർ വെള്ളാപ്പിള്ളി നടേശനേപ്പോലൊരാളോട് സംസാരിക്കാൻ തന്നെ പോകില്ലെന്നിരിക്കെ അഴീക്കോട് അയാളോട് ശ്രീനാരായണദർശനങ്ങളുടെ അന്തഃസത്ത ഓർമ്മപ്പെടുത്താനും അതിനെച്ചൊല്ലി ഏറ്റുമുട്ടാനും തയ്യാറായി. 'പിച്ചക്കാരൻ' എന്നും 'കുഷ്ഠരോഗി' എന്നും വിളിച്ചാക്ഷേപിച്ചുകൊണ്ട് വെള്ളാപ്പിള്ളി അയാൾക്കു വശമുള്ള രീതിയിൽ അഴീക്കോടിനെ നേരിട്ടു. അതും അദ്ദേഹം ഏറ്റുവാങ്ങി. 'കോപിക്കാൻ വേണ്ടിയെങ്കിലും നീയെന്നോട് പ്രസാദിക്കൂ' എന്ന ബൈബിൾ വചനത്തെ ഓർമ്മിപ്പിക്കുന്ന ഇടപെടലുകളാണ് അഴീക്കോട് നിരന്തരം നടത്തിക്കൊണ്ടിരുന്നത്. വെറുമൊരു പോഴനായ മോഹൻലാലിനോട് പോലും അദ്ദേഹത്തെപ്പോലൊരാൾ വ്യവഹാരങ്ങളിൽ ഏർപ്പെട്ടു. അതുകൊണ്ടു കൂടിയായിരിക്കണം എസ്. ഗോപാലകൃഷ്ണൻ 'സ്വന്തം ഇച്ഛാനുസരണം താഴ്ന്ന് പറക്കാൻ തീരുമാനിച്ച ഒരു പരുന്തായിരുന്നു ആ പണ്ഡിതജന്മം' എന്ന് അഴീക്കോടിനെക്കുറിച്ചെഴുതിയത്. അത്രമാത്രം താഴ്ന്ന് പറന്നതുകൊണ്ടായിരിക്കണം അദ്ദേഹം അവസാനകാലത്തെ ഏതാനും വർഷങ്ങളിൽ ചില കാളീകൂളീസംഘങ്ങളാൽ ഗ്രസിക്കപ്പെട്ടത്. സൂര്യനെ ഗ്രഹണം ബാധിച്ചതുപോലെയായിപ്പോയി നിർഭാഗ്യവശാൽ അഴീക്കോടിന്റെ അവസാനകാലം. ഈ സംഘങ്ങളുടെ കെണിയിൽപെട്ട് സ്വയം അപഹാസ്യനായി എത്രയോ സ്ഥലങ്ങളിൽ അദ്ദേഹത്തിന് ഇരുന്നുകൊടുക്കേണ്ടിവന്നു! എം എൻ വിജയൻ മരിച്ചപ്പോൾ, 'കൂടെ നടന്നവർ കൊണ്ടുപോയി കൊന്നതാണ്' എന്ന അഴീക്കോടിന്റെ ആരോപണം അന്ന് വൻ വിവാദമായിരുന്നു. അവസാനകാലത്തെ ഏതാനും വർഷങ്ങൾ കൂടെ നടന്നവർ തന്നെ കൊണ്ടുനടന്ന് ഒരു പരിഹാസ്യകഥാപാത്രമാക്കി മാറ്റിയത് ദൗർഭാഗ്യവശാൽ അദ്ദേഹം അറിഞ്ഞതേയില്ല.

ചലച്ചിത്രസംവിധായകൻ ഭരതനെ അനുസ്മരിക്കുന്ന ഒരു പരിപാടിയിൽ പങ്കെടുത്ത് അഴീക്കോട് നടത്തിയ പ്രസംഗം സിൽബന്ധികളുടെ താളത്തിനു തുള്ളാൻ നിന്നുകൊടുക്കേണ്ടി വരുന്ന ഒരാളുടെ ഗതികേടിന്റെ ദൃഷ്ടാന്തമാണ്. 'ഭരതൻ എന്ന സംവിധായകനെ എനിക്ക് അറിയില്ല. ഞാൻ അദ്ദേഹത്തിന്റെ സിനിമകൾ കണ്ടിട്ടില്ല. ഞാൻ പക്ഷേ, മറ്റൊരു ഭരതനെപ്പറ്റി പറയാം. അത് ഭരതമുനിയെപ്പറ്റിയാണ്. നാട്യശാസ്ത്രം എഴുതിയ ഭരതമുനി' എന്നു തുടങ്ങിയ പ്രസംഗം നാട്യശാസ്ത്രത്തെപ്പറ്റിയും അതിലെ അഭിനയസിദ്ധാന്തങ്ങളെപ്പറ്റിയും വിസ്തരിച്ചുകൊണ്ടാണ് നിർത്തിയത്. പശുവിനെപ്പറ്റി പറഞ്ഞു തുടങ്ങി പശുവിനെ കെട്ടിയ തെങ്ങിനെക്കുറിച്ചു പറയുന്നതിനെ ഓർമ്മിപ്പിച്ചു അത്. 'ഞാൻ 'കൊടിയേറ്റം' കണ്ടിട്ടുണ്ട്. ഇപ്പോൾ അറ്റൻബറോയുടെ 'ഗാന്ധി'യും. പത്തു പതിനഞ്ചു കൊല്ലം കൂടുമ്പോൾ ഒരു സിനിമയൊക്കെ കാണും' എന്ന് ഒരു ഇന്റർവ്യൂവിൽ അഴീക്കോട് തന്നെ പറഞ്ഞിട്ടുണ്ട്. ഇത്തരത്തിലാണ് അദ്ദേഹത്തിന് സിനിമയുമായുള്ള ബന്ധം. ഇതൊന്നുമറിയാത്തവരല്ല അദ്ദേഹത്തെക്കൊണ്ട് ഈ കടുംകൈ ചെയ്യിപ്പിച്ചത്.

അൽപന്മാരായ ഇത്തരം അനുചരവൃന്ദങ്ങളാൽ പരിസേവിതനായതുകൊണ്ടാവണം അവസാനകാലത്ത് സ്വയം തിരിച്ചറിയാനുള്ള ശേഷി പോലും നഷ്ടപ്പെട്ടുപോയത്. അദ്ദേഹത്തിന്റെ ആത്മകഥ 'അമ്പട ഞാനേ' എന്ന മട്ടിലായിപ്പോയതിനു കാരണവും മറ്റൊന്നാകാൻ വഴിയില്ല. മലയാളത്തിലെ ഏറ്റവും മികച്ച ആത്മകഥ ആകേണ്ടിയിരുന്ന ആ കൃതി അവനവനെ വാഴ്ത്തിക്കൊണ്ടുള്ള വെറും ആത്മപ്രശംസ മാത്രമായി ചുരുങ്ങിപ്പോയി.

അഴീക്കോടിനെ മലയാളത്തിലെ ഏറ്റവും പ്രചാരമുള്ള രണ്ടു പത്രങ്ങൾ തമസ്കരിക്കാൻ നോക്കിയിട്ടുപോലും സാധിച്ചിട്ടില്ല. ശ്രീനാരായണഗുരുവിന്റെ ജന്മദിനത്തോടനുബന്ധിച്ച് മലയാള മനോരമ ഇറക്കിയ പ്രത്യേക പതിപ്പിൽ അമ്പതിലധികം ലേഖനങ്ങൾ ഉണ്ടായിരുന്നു. ലേഖകർ എല്ലാവരും തന്നെ ഒരു പ്രത്യേക ജാതിയിൽ പെട്ടവർ. ശ്രീനാരായണഗുരുവിന്റെ പേരു പറഞ്ഞ് ഇത്രയും ജാതീയത കാണിക്കുന്ന ഈ പത്രം കത്തിക്കുകയാണ് വേണ്ടതെന്ന് ഒരു പ്രസംഗവേദിയിൽ വെച്ച് മനോരമ ഉയർത്തിക്കാട്ടി അഴീക്കോട് വിളിച്ചു പറഞ്ഞു. തുടർന്ന് വർഷങ്ങളോളം മനോരമ അദ്ദേഹത്തിന്റെ പേര് അച്ചടിക്കുന്നതിന് അയിത്തം കൽപിച്ചിരുന്നു.

അദ്ദേഹത്തെ തമസ്കരിക്കാൻ അനുചരന്മാർക്ക് മാത്രമേ കഴിഞ്ഞിട്ടുള്ളൂ. മാതൃഭൂമിയുടെ മാനേജിങ് എഡിറ്ററായ എം.പി. വീരേന്ദ്രകുമാറിനെ ഡാമേജിങ് എഡിറ്റർ എന്നു വിളിച്ചതിനെത്തുടർന്ന് അഴീക്കോട് എന്ന പേര് 'ഇന്നത്തെ പരിപാടി'യിൽ നിന്നു പോലും ഏറെക്കാലം ഒഴിവാക്കുകയുണ്ടായി. പക്ഷേ അധികകാലം ആ രണ്ടു കുത്തകകൾക്കും അദ്ദേഹത്തെ മാറ്റി നിർത്താനായില്ല. അവർക്ക് ജില്ലകൾ തോറും എഡിഷനുകൾ ഉണ്ടെങ്കിൽ അഴീക്കോടിന് ഗ്രാമഗ്രാമാന്തരങ്ങളിൽ പോലും ആശയങ്ങളും അഭിപ്രായങ്ങളും

എത്തിക്കാനുള്ള പ്രഭാഷണപാടവമാണുള്ളത്. അതിന് വേണ്ടി ആശാരിക്കാട്ടിലും അഞ്ചേരിച്ചിറയിലും അട്ടപ്പാടിയിലും ആനപ്പാറയിലും അദ്ദേഹത്തിന് എത്താനാകും. ആ ശേഷിക്കു മുന്നിലാണ് മനോരമയും മാതൃഭൂമിയും തോറ്റു പിൻവാങ്ങിയത്. മലയാളത്തിലെ ഒരു എഴുത്തുകാരന് ഇനി ഇങ്ങനെ സാധിക്കുമോ എന്നു കണ്ടറിയണം.

കൈനൂർ സമരത്തിന്റെ വിജയം, അഴീക്കോട് പ്രഭാഷണം കൊണ്ട് എന്തു ചെയ്തു എന്നതിന് ഉദാഹരണമാണ്. കൈനൂരിലെ പന്നിവളർത്തൽ കേന്ദ്രത്തിനെതിരെ നാട്ടുകാർ ഒന്നടങ്കം സമരം ചെയ്യുന്ന കാലം. ഒരു കുന്നിന്റെ മുകളിൽ സ്ഥാപിച്ച ഫാമിൽ നിന്ന് മാലിന്യം ചുറ്റും താമസിക്കുന്നവരുടെ കിണറുകളിലേക്ക് ഒലിച്ചിറങ്ങി വിവരിക്കാനാവാത്ത ദുരിതം അനുഭവിക്കുകയായിരുന്നു കൈനൂർ നിവാസികൾ. സമരം ഒരിടത്തുമെത്തുന്നില്ല. ഭരണാധികാരികൾ കണ്ടഭാവം നടിക്കുന്നില്ല. വിദേശജനുസ്സിൽപ്പെട്ട പന്നിക്കുട്ടികളെ കൊണ്ടുവരുന്നതും അവ പെറ്റുപെരുകി നമ്മുടെ സമ്പദ് വ്യവസ്ഥയെ കൊഴുപ്പിക്കുന്നതും സ്വപ്നം കണ്ട് നടക്കുകയാണ് അവർ. അപ്പോഴാണ് കോർപ്പറേഷനു മുന്നിലുള്ള സമരപ്പന്തലിലേക്ക് അഴീക്കോടിനെ വിളിക്കുന്നത്. അദ്ദേഹം അവിടെ പ്രധാനമായി രണ്ടു വാചകമേ പറഞ്ഞുള്ളൂ. അത് അവിടെ വെച്ച് കേട്ടവർക്ക് ഉറപ്പായിരുന്നു പന്നിഫാം ഇനി അധികകാലം അവിടെ ഉണ്ടാവില്ലെന്ന്. പന്നിഫാമിന്റെ ശവപ്പെട്ടിയിലെ ആദ്യത്തെ ആണി അവിടെവെച്ച് അടിക്കപ്പെട്ടു. പ്രസംഗം ഇങ്ങനെയായിരുന്നു. "നിങ്ങൾ തൃശൂരിൽ നിന്നും മടങ്ങി കൈനൂരിൽ ചെല്ലുമ്പോൾ നിങ്ങളുടെ എംഎൽഎയോട് ചോദിക്കണം. നിങ്ങൾ ഞങ്ങളുടെ പ്രതിനിധിയാണോ അതോ പന്നികളുടെ പ്രതിനിധിയാണോ എന്ന്." ഇത് പിറ്റേന്ന് പത്രത്തിൽ വന്നു. ഉടൻ തന്നെ സ്ഥലം എംഎൽഎയും കൃഷി മന്ത്രിയുമായ പി.പി. ജോർജ് ആദ്യമായി ഈ വിഷയത്തിൽ പ്രതികരിച്ചു. "അഴീക്കോട് മാഷ് തെറ്റിദ്ധരിച്ചതാണ്. പന്നിഫാം അവിടെത്തന്നെ വേണമെന്ന് ഗവൺമെന്റിന് യാതൊരു പിടിവാശിയുമില്ല." വാസ്തവത്തിൽ അഴീക്കോട് നടത്തിയ ഈയൊരു വാചകത്തിന്റെ കരുത്തുകൊണ്ടാണ് കൈനൂരിലെ കുന്നിൻപുറത്തുനിന്ന് ആയിരക്കണക്കിന് പന്നിക്കുട്ടന്മാർക്ക് ഇറങ്ങിക്കൊടുക്കേണ്ടി വന്നത്.

മനോഹരമായ ഒരു പ്രസംഗത്തെപ്പറ്റിക്കൂടി സ്മരിക്കാതെ വയ്യ. അഴീക്കോടിന്റെ വീട്ടിൽ നിന്നും രണ്ടു കിലോമീറ്റർ മാത്രം മാറിയുള്ള പടവരാട് എന്ന സ്ഥലം. അവിടെ വാടകക്ക് താമസിച്ചിരുന്ന ചുമട്ടുതൊഴിലാളിയായ ഒരാൾ തൊഴിലെടുക്കുന്നതിനിടയിൽ കുഴഞ്ഞുവീണു മരിച്ചു. അദ്ദേഹത്തിന്റെ ഭാര്യയും രണ്ടു പെൺകുട്ടികളും അപ്രതീക്ഷിതമായി ഉണ്ടായ ഈ ദുരന്തത്തിൽ തളർന്നുപോയി. അതു മനസിലാക്കി മറ്റു തൊഴിലാളികളും നാട്ടുകാരും ചേർന്ന് കുറച്ചു പണം സമാഹരിച്ചു. അത് കൈമാറാനാണ് അഴീക്കോടിനെ വിളിച്ചത്. അവിടെ നടന്ന ലളിതമായ ചടങ്ങിൽ വെച്ച് അദ്ദേഹം പറഞ്ഞു, "മഹാഭാരതത്തിൽ ഒരു കീരിയുടെ കഥയുണ്ട്. സ്വർണ്ണക്കീരിയുടെ കഥ. ആ കാലത്ത് നടന്നതിൽ ഏറ്റവും ഗംഭീരമായ രാജസൂയം എന്ന യാഗം കഴിഞ്ഞതിന്റെ പിറ്റേന്ന് യുധിഷ്ഠിരൻ യാഗഭൂമിയിൽ ഒരു കാഴ്ച കണ്ടു. വിജനമായ യാഗവേദിയിൽ ഒരു കീരി കുറേ നേരമായി തിരിഞ്ഞും മറിഞ്ഞും കിടന്ന് ഉരുളുന്നു. യുധിഷ്ഠിരൻ അതിനടുത്ത് ചെന്ന് കാര്യം ചോദിച്ചു. കീരി പറഞ്ഞു, "മഹാരാജൻ, എന്റെ ശരീരത്തിന്റെ പകുതി ഭാഗത്തുള്ള ഈ സ്വർണ്ണനിറം അങ്ങ് കാണുന്നില്ലേ. ഞാൻ മുമ്പൊരിക്കൽ ഒരു വൃദ്ധബ്രാഹ്മണന്റെ വീട്ടിൽ ചെന്നു. അവിടെ നാലു ദിവസമായി ഭക്ഷണമൊന്നുമില്ലാതെ അവർ പട്ടിണിയിലായിരുന്നു. ഞാൻ ചെന്ന രാത്രിയിൽ അദ്ദേഹത്തിന് ഒരാൾക്ക് കഴിക്കാനുള്ള മലർപ്പൊടി ദാനമായി കിട്ടി. ഉള്ള ഭക്ഷണം കുട്ടികളും ഭാര്യയുമായി പങ്കുവെച്ചു കഴിക്കാൻ തുടങ്ങുമ്പോൾ പുറത്ത് ഒരാൾ വന്നു. അവശനായ അയാൾ വിശന്നു തളർന്നിരുന്നു. വിശക്കുന്നെന്നും എന്തെങ്കിലും കിട്ടിയാൽ കൊള്ളാമെന്നും അയാൾ പറഞ്ഞപ്പോൾ അവരുടെ പാത്രത്തിലുള്ളതെല്ലാം കൂടി അവർ അയാൾക്കു കൊടുത്തു. അയാളത് കഴിച്ച് വിശപ്പടക്കി പോവുകയും അവർ വിശപ്പുമായി തളർന്നുറങ്ങുകയും ചെയ്തു. ആ ഭക്ഷണം ദാനം ചെയ്ത സ്ഥലത്തുകൂടി പുറത്തു കടന്നപ്പോൾ എന്റെ ശരീരത്തിന്റെ പകുതി ഭാഗത്ത് അവിടെ വീണു കിടന്ന മലർപ്പൊടിയുടെ തരികൾ പറ്റിപ്പിടിച്ചു. മലർത്തരികൾ പറ്റിപ്പിടിച്ച ഭാഗമൊക്കെ കണ്ടോ, രാജൻ, സ്വർണവർണമായി. അതിനുശേഷം ഞാൻ അലയുകയാണ്. വലിയ രാജാക്കന്മാർ നടത്തുന്ന യാഗങ്ങളിലും ദാനസത്രങ്ങളിലും ചെന്ന് അവിടെക്കിടന്നുരുണ്ടു നോക്കും. ഇപ്പോളിതാ ഇവിടെ. ധർമ്മിഷ്ഠനായ അങ്ങു നടത്തിയ ഈ മഹായാഗത്തിൽ വന്നാൽ എന്റെ മറുപകുതി സ്വർണവർണമാകുമെന്ന് എനിക്കുറപ്പുണ്ടായിരുന്നു. കുറേ നേരമായി ഞാൻ കിടന്നുരുളുന്നു. പക്ഷേ കാര്യമില്ല, രാജൻ." ഈ കഥക്കുശേഷം അദ്ദേഹം പറഞ്ഞു, "നിങ്ങൾ നിങ്ങളുടെ സുഹൃത്തിന്റെ കുടുംബത്തോട് കാരുണ്യം കാണിച്ച ഈ പടവരാട് എന്ന സ്ഥലത്ത് ആ കീരി വരികയാണെങ്കിൽ അതിന്റെ അവശേഷിക്കുന്ന ഭാഗവും സ്വർണനിറമാകുമെന്ന കാര്യത്തിൽ എനിക്ക് യാതൊരു സംശയവുമില്ല." അവിടെക്കൂടിയിരുന്ന ഓരോരുത്തർക്കും അർഹിക്കുന്ന പ്രശംസ തന്നെയായിരുന്നു ആ പരാമർശം.

അഴീക്കോടിനെപ്പോലൊരാളുടെ വ്യക്തിത്വത്തിന് ഒട്ടും യോജിക്കാത്ത രീതിയിലുള്ള ആഘോഷങ്ങളാലാണ് അദ്ദേഹത്തിന്റെ എൺപത്തിനാലാം പിറന്നാൾ അനുചരന്മാരാൽ കൊണ്ടാടപ്പെട്ടത്. പിറന്നാളാഘോഷത്തിന്റെ ഭാഗമായി വസ്ത്രദാനം നടത്തുന്നതിനു വേണ്ടി ആദിവാസികളെ പ്ലാച്ചിമടയിൽ നിന്ന് ഇങ്ങോട്ടെത്തിക്കുകയായിരുന്നു. നാടുവാഴി സംസ്കാരത്തിന്റെ ലാഞ്ചനയുള്ളതായിരുന്നു പിറന്നാളാഘോഷം എന്ന രീതിയിൽ അഴീക്കോടിന് ഒട്ടേറെ വിമർശനങ്ങൾ ഇതിന്റെ പേരിൽ ഏറ്റുവാങ്ങേണ്ടി വന്നു.

അഴീക്കോടിന് അനുചരന്മാർ എന്താണ് തിരിച്ചുകൊടുക്കുന്നത് എന്നതിന്റെ ഒടുവിലത്തെ ഉദാഹരണം കൂടി എഴുതി ഇതവസാനിപ്പിക്കാം. വിലാസിനി ടീച്ചർ ഒരു ആത്മകഥ എഴുതിയിരിക്കുന്നു. 'സ്നേഹവ്യാഹതി തന്നെ മരണം' എന്നാണ് ടീച്ചർ അതിനിട്ട പേര്. കുമാരനാശാന്റെ കവിതയിൽ നിന്നുള്ള വരിയാണിത്. സിൽബന്ധി ഇടപെട്ട് അത് വെട്ടിമാറ്റി 'അഴീക്കോടിന്റെ കാമുകി' എന്നാക്കുന്നു. ചന്തസംസ്കാരം നല്ലവണ്ണം പരിചയമുള്ള അവർക്കറിയാം മാർക്കറ്റിൽ വിറ്റുപോകാൻ ഈ പേരാണ് ഉപകരിക്കുകയെന്ന്. മരിച്ചുകഴിഞ്ഞിട്ടും ഈ കാളീകൂളീസംഘങ്ങൾ അദ്ദേഹത്തെ വേട്ടയാടിക്കൊണ്ടേയിരിക്കുകയാണ്.